RC HSS

CHUNDALE WAYANAD

# SCHOOL'S ACADEMIC MASTER PLAN

## 2025



# ഉള്ളടക്കം


| | |
|---|---|
| 1 | വിദ്യാലയത്തെ പറ്റി |
| 2 | ആമുഖം |
| 3 | വിദ്യാർത്ഥികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ |
| 4 | അധ്യാപകരുടെയു അനധ്യാപകരുടെയും  വിവരങ്ങൾ |
| 5 | വിദ്യാലയ ദർശനം |
| 6 | ലക്ഷ്യങ്ങൾ |
| 7 | വിദ്യാലയം നേരിടുന്ന പരിമിതികൾ |
| 8 | വിദ്യാലയ ചരിത്രം |
| 9 | അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ |
| 10 | അക്കാദമിക മാസ്റ്റർ പ്ലാൻ |
| 11 | പ്രവർത്തന കലണ്ടർ |
| 12 | ഉപസംഹാരം |

# വിദ്യാലയത്തെപ്പറ്റി

| | |
|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | 1962 |
| ജില്ല | വയനാട് |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| ഉപജില്ല | വൈത്തിരി |
| മേൽവിലാസം | ചുണ്ടേൽ പി ഒ<br>പിൻ നമ്പർ - 673123 |
| ക്ലാസ്സ് | 5 മുതൽ 10 വരെ |
| ബ്ലോക്ക് | കൽപ്പറ്റ |
| പഞ്ചായത്ത് | വൈത്തിരി |

# ആമുഖം

കേരളത്തിൻറെ സമഗ്രമായ വളർച്ചക്കും പുരോഗതിക്കുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സമഗ്ര ഗുണമേന്മ അടിസ്ഥാന ആശയമാണ് വിദ്യാലയ വികസന പ്രവർത്തനങ്ങളുടെ മുഖമുദ്രയായി സ്വീകരിച്ചിട്ടുള്ളത്ഗുണമേന്മയുള്ളവിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന തിരിച്ചറിവിൻറെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ ബഹുജന പങ്കാളിത്തവും ഉൾപ്പെടുത്തിയുള്ള പ്രവർത്തനമാണ് വിദ്യാലയങ്ങളിൽ നടക്കേണ്ടത് അതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന, സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന,പൂർണ്ണമായും അക്കാദമിയിലേക്ക് വിദ്യാലയത്തെ നയിക്കുന്ന സമഗ്ര മാർഗ്ഗരേഖ എന്ന നിലയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

## വിദ്യാർഥികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

| ക്ലാസ് | കുട്ടികളുടെ എണ്ണം | ഡിവിഷൻ |
|---|---|---|
| 5 | 97 | 4 |
| 6 | 118 | 4 |
| 7 | 120 | 4 |
| 8 | 165 | 5 |
| 9 | 186 | 5 |
| 10 | 145 | 4 |
| ആകെ | 833 | 26 |

## അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| യു പി അധ്യാപകർ | 13 |
| ഹൈസ്കൂൾ അധ്യാപകർ | 22 |
| ഓഫീസ് ജീവനക്കാർ | 5 |
| സ്പെഷലിസ്റ്റ് അധ്യാപകർ | 1 |
| പാചക ജീവനക്കാർ | 2 |

# വിദ്യാലയദർശനം

**വിദ്യാലയം**

സന്തോഷവും സൗകര്യപ്രദവും സന്തോഷകരവും സൗഹാർദ്ദപരവുമായ അന്തരീക്ഷമുള്ള ആത്മവിശ്വാസവും ലക്ഷ്യബോധവും ജനാധിപത്യവും മാനവിക മൂല്യങ്ങളും നിറഞ്ഞ അധ്യാപകരും വിദ്യാർഥികളും കൈകോർക്കുന്ന ഇടം. നാടിന്റെ മാനവിക പുരോഗതിക്ക് ചവിട്ടുപടി.

**കുട്ടികൾ**

ജനാധിപത്യ ബോധത്തോടെ ചലനാത്മക പ്രവർത്തനങ്ങളിലൂടെ നിത്യജീവിത പ്രശ്നപരിഹാരം വഴി നേടിയ വിജ്ഞാനം ഉപയോഗിച്ച് പരിഹരിക്കേണ്ടവർ അറിവിലൂടെ അതിജീവിക്കുന്നവർ

**അധ്യാപകർ**

കുട്ടിയുടെ പ്രകൃതം പരിഗണിച്ച് ആത്മവിശ്വാസത്താൽ അതിജീവിക്കാൻ സഹായിക്കുന്ന വിധം ക്ലാസ് റൂം പ്രവർത്തനങ്ങൾ നടപ്പാക്കുന്നവർ,  പഠന പിന്തുണ നൽകുന്നവർ

## ലക്ഷ്യങ്ങൾ

- ഉയർന്ന നിലവാരത്തിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരായ കുട്ടികൾ
- ശാസ്ത്രബോധവും യുക്തിയും യുക്തിചിന്തയും സാമൂഹ്യബോധമുള്ള കുട്ടികൾ
- ചിട്ടയായ പരിശീലനത്തിലൂടെ ഉയർന്ന കായിക ശേഷിയും കാര്യങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റോടെ കാണാനുള്ള മാനവികതയും ഉള്ള കുട്ടികൾ
- മികച്ച അക്കാദമിക പ്രവർത്തനങ്ങൾ
- കുട്ടികളുടെ മനശാസ്ത്രം അറിഞ്ഞ് ഡിജിറ്റൽ സാധ്യതകളും പ്രാദേശിക റിസോഴ്സുകളും ഉപയോഗിച്ച് ആസ്വാദ്യകരമായ പഠന പ്രവർത്തനങ്ങൾ
- ഓരോ മേഖലയിലും ഉള്ള പ്രതിഭകൾക്ക് വേണ്ട പോഷണ പ്രവർത്തനങ്ങൾ
- പ്രത്യേക പരിഗണനയർഹിക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- ഭവന സന്ദർശനം നടത്തി വിദ്യാർത്ഥികളും രക്ഷിതാക്കളുമായി ആരോഗ്യകരമായ ബന്ധം
- മികച്ച പിടിഎ
- നാടിന്റെ സാംസ്കാരിക കേന്ദ്രമായി മാറുന്ന വിദ്യാലയം
- പഠന സമയം നഷ്ടമാകാത്ത വിധം സാധ്യമായ ദിവസങ്ങൾ ഉറപ്പുവരുത്തുക
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പുവരുത്തുക
- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

## വിദ്യാലയം നേരിടുന്ന പരിമിതികൾ

- പിന്നോക്ക മേഖലയിലെ കുട്ടികളുടെ ക്രമരഹിത ഹാജറും രക്ഷിതാക്കളുടെ അശ്രദ്ധയും തന്മൂലം കുട്ടികൾക്കുള്ള പഠന താല്പര്യക്കുറവ്
- തോട്ടം മേഖലയിലെ കുട്ടികളുടെ പാടികളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ
- ചുരുക്കം ചില വിഭാർസികൾക്ക് ക്ലാസിൽ നേടേണ്ട ശേഷികൾ നേടാത്ത അവസ്ഥ.
- മാറുന്ന കാലത്തും അനുസരിച്ച് കുട്ടികളുടെ സ്വഭാവത്തിലും മനോഭാവത്തിലും ഉണ്ടാകുന്ന പെരുമാറ്റ ദൂഷ്യങ്ങൾ
- ഓപ്പൺ ഓഡിറ്റോറിയത്തിന്റെയും പൊതു ഭക്ഷണശാലയുടെയും അഭാവം
- ശാസ്ത്ര പരീക്ഷണങ്ങൾ എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി ചെയ്യുന്നതിനുള്ള ശാസ്ത്രലാബ് ഇല്ല.
- കുട്ടികളുടെ കലാകായിക പഠനത്തിനുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത
- ഐസിടി പഠനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകൾ വിദ്യാലയത്തിൽ ഇല്ലാത്ത അവസ്ഥ

# വിദ്യാലയ ചരിത്രം

മൈസൂർ രൂപതയുടെ ഭാഗമായിരുന്നു വയനാട്. 1923 ൽ കോഴിക്കോട് രൂപത നിലവിൽ വന്നപ്പോൾ അതിൻറെ ഭാഗമായി മാറി വൈത്തിരി പള്ളിയിലെ അന്നത്തെ വികാരിയായിരുന്ന ഫാദർ ഹെഡ് വേർഡ്സ് ഡെറാറ്റ എന്ന ഈശോ സഭ വൈദികൻ ആണ് ചുണ്ടയിൽ പ്രദേശത്ത് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഒരു വിദ്യാലയം ആരംഭിക്കാൻ മുൻകൈ എടുത്തത്.

ചുണ്ടയിലെ പ്രശസ്തമായ യൂദാശ്ലീഹായുടെ തീർത്ഥാടന കേന്ദ്രത്തിനരികെ, പള്ളിക്കരികിലായി ഒരു പള്ളിക്കൂടം. അതാണ് ചുണ്ടേൽ ആർ.സി. എച്ച് .എസ് എസ്. രാജ്യത്തിനകത്തും പുറത്തുമായി നിരവധി പ്രതിഭകളെ വാർത്തെടുത്ത അക്ഷരപ്പുര. വയനാടിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക ഭൂപടത്തിൽ കൃത്യമായ ഇടം അടയാളപ്പെടുത്തിയിരിക്കുന്നു കോഴിക്കോട് രൂപതയുടെ ഈ ഹയർ സെക്കന്ററി സ്ക്കൂൾ .

വിദ്യാലയത്തിന്റെ ചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ, ബ്രിട്ടീഷ് ഭരണത്തിന്റെ പ്രതാപകാലത്ത്, വയനാട്ടിലെ മലമടക്കുകളിൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന സാമാന്യജനസമൂഹം, ഒരു നേരത്തെ ആഹാരത്തിനുവേണ്ടി വന്യമൃഗങ്ങളോടും പ്രതികൂലകാലാവസ്ഥയോടും മണ്ണിനോടും പട്ടിണിയോടും പൊരുതി ജീവിച്ചിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും കുറവായിരുന്ന ചുണ്ടയിലെ സാധാരണജനതയ്ക്ക് വിദ്യാഭ്യാസം എന്നത് വിദൂരസ്വപ്നം മാത്രമായിരുന്നു. പട്ടണവാസികൾ ഉയർന്ന വിദ്യാഭ്യാസം നേടുമ്പോൾ തൊഴിലാളികളുടെ മക്കൾക്ക് അത്തരം സാധ്യതകൾ ഒട്ടും ഇല്ലായിരുന്നു. അവർക്ക് സാന്ത്വനമായി ഈ തേയിലത്തോട്ടഗ്രാമത്തിൽ വിദ്യയുടെ പ്രകാശവുമായി മിഷണറിമാർ ഒരു നിയോഗം പോലെ വന്നു.

ചുണ്ടേൽ എസ്റ്റേറ്റ്, മലബാർ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമായിരുന്നു. കമ്പനിയും കോഴിക്കോട് രൂപതയുമായുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കിട്ടിയ സ്ഥലത്താണ് ഇന്നു കാണുന്ന സ്കൂൾ സ്ഥിതിചെയ്യുന്നത്.

1924 ൽ ഇംഗ്ലീഷ് ആൻഡ് സ്വീഡിഷ് ഗ്രൂപ്പ് എസ്റ്റേറ്റ് മാനേജർ ബഹറ് എന്ന വ്യക്തിയിൽ നിന്നും ദാനമായി കിട്ടിയ സ്ഥലത്ത് ഓലമേഞ്ഞ ചെറിയ ഷെഡ്ഡിൽ , ചുണ്ടേൽബസാറിൽ ആദ്യവിദ്യാലയം ആരംഭിച്ചു. അന്ന് വൈത്തിരി പള്ളിയിലെ കപ്യാർ ആയിരു ന്ന ശ്രീ രാജു കോവിൽപിള്ള എന്ന അധ്യാപകന്റെ കീഴിൽ ഏഴ് കുട്ടികളും ,ശ്രീ ടി .ഗോവിന്ദൻ , ശ്രീ ജോസഫ് മാരേത്ത് എന്ന രണ്ട്
അധ്യാപകരും ആയിട്ടായിരുന്നു ഈ വിദ്യാലയത്തിന്റെ തുടക്കം. സെൻറ് ജൂഡ്സ് ചർച്ചിന്റെ വികാരിയായിരുന്ന ഫാദർ സെബാസ്റ്റ്യൻ നെറോണ 1924 സ്കൂളിന് വേണ്ടി ഓടുപാകിയ ഒരു കെട്ടിടം പണിയുകയുണ്ടായി. 1938 ൽ അത് ലോവർ പ്രൈമറി ആയി മാറി. ജോസഫ് മാരേത്ത് സാർ ആദ്യത്തെ ഹെഡ്മാസ്റ്ററായി. ഫാദർ അലോഷ്യസ് ഡിസിൽവയുടെ കഠിനപ്രയത്നത്തിന്റെ ഫലമായിട്ടാണ് ഹയർ എലമെന്ററി സ്കൂളായി മാറിയത്. വികാരി ഫാദർ എൽ.എം സുക്കോൾ എസ് ജെ യുടെ കാലത്താണ് ഹൈസ്കൂളിനുള്ള അനുവാദം ലഭിച്ചത്.അദ്ദേഹം കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

1962 ജൂൺ മാസത്തിൽ ഫാദർമാക്സ്വെൽ നെറോണ ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ആവുകയും വർക്കി തടുമുറിയൻ സാർ ഐപ്പ് മാഷ് എന്നിവർ സഹഅധ്യാപകരുമായി , ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. പിന്നീടു വന്ന ഫാദർ ലോറൻസ് പി.ജെ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിച്ചു .

1962 ൽസ്കൂളിലെ എൽ പി വിഭാഗം ചാരിറ്റി സന്യാസസഭയുടെ സിസ്റ്റർ റേയ്ച്ചലിനെ ഹെഡ്മിസ്ട്രസായി നിയമിച്ചു കൊണ്ട് ഹൈസ്കൂളിൽ നിന്നും വേർപെടുത്തി.

1986 ൽ ആദ്യ ജില്ലാ യുവജനോത്സവം ഇവിടെ വച്ചാണ് നടത്തിയത് . 2001 ൽ ആദ്യമായി ഓൾ കേരള എൻ സി സി ക്യാമ്പ് ഈ സ്കൂളിൽ വച്ച് നടന്നതും ചരിത്രമാണ്. 2008 അധ്യായന വർഷത്തിൽ അഞ്ചാം തരത്തിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. തുടർന്ന് അഞ്ച് മുതൽ പത്താം തരം വരെ ഇംഗ്ലീഷ് മീഡിയം ഡിവിഷനായി അത് വളർന്നു. പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിൽ വയനാട് ജില്ലയിൽ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുള്ള ഈ വിദ്യാലയം എസ്എസ്എൽസി , ഹയർസെക്കൻഡറി പരീക്ഷയിൽ ഉന്നതവിജയം കൈവരിച്ചു വരുന്നു.

ചുണ്ടേൽ ദേശത്തിന്റെ ചിരകാലസ്വപ്നമായിരുന്നു ഒരു ഹയർസെക്കൻഡറി ഉണ്ടാവുക എന്നത്. തോട്ടം തൊഴിലാളികളുടെയും സാധാരണക്കാരുടെയും മക്കൾ തുടർപഠനത്തിനായി ദൂരങ്ങളിലേയ്ക്ക് പോകേണ്ട അവസ്ഥയായിരുന്നു. വിദ്യാലയം ഹയർസെക്കൻഡറിയായി ഉയർത്തിയത് ഈ നാടിന്റെ പുരോഗതിക്ക് കൂടുതൽ ഉണർവു നൽകി.

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയമേഖലകളിലെ നിരവധി വ്യക്തിത്വങ്ങളുടെ നിരന്തരശ്രമത്തിന്റെ ഫലമായി 2014 ൽഹയർസെക്കൻഡറി കോഴ്സ് അനുവദിക്കപ്പെട്ടു . കോഴിക്കോട് രൂപത അധ്യക്ഷനായ റൈറ്റ് റവറന്റ് ഡോക്ടർ വർഗീസ് ചക്കാലക്കൽ പിതാവിനെയും മുൻ കോർപ്പറേറ്റ് മാനേജർ ആയിരുന്ന മോൺ. തോമസ് പനക്കൽ അച്ചന്റെയും ശ്രമഫലമായി പണിതീർത്ത ബഹുനിലകെട്ടിടത്തിന്റെ ഉദ്ഘാടനം 2014 ഓഗസ്റ്റ് 22ന് നടത്തപ്പെട്ടു ഈ വിദ്യാലയത്തിൽ കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ്, സയൻസ് ഗ്രൂപ്പുകളിലായി വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. നന്മയെ മുറുകെപ്പിടിച്ചുകൊണ്ട് തിന്മയെ ഉന്മൂലനം ചെയ്യാൻ , ഉന്നതിയിലേക്ക് ചേരുക എന്ന ആപ്തവാക്യവുമായി ചുണ്ടേൽ ആർസി എച്ച്എസ്എസ്, വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുമായ് മുന്നോട്ട് പോകുന്നു. 2024 ൽ മറ്റൊരു ശ്രദ്ധേയമായ പ്രവർത്തനം കൂടി വിദ്യാലയം നടത്തി.. വയനാട്ടിൽ കഴിഞ്ഞ 20 വർഷമായി ഒരു ഗ്രന്ഥശാല ഇല്ലാത്ത ഇടമായിരുന്നു ചുണ്ടേൽ.. കുട്ടികളും അധ്യാപകരും പി ടി എ ലും ചേർന്ന് പുസ്തക സമാഹരണം നടത്തി, പൊതുജനങ്ങളെ ഒന്നിപ്പിച്ച് സൂര്യ പൊതുജന ഗ്രന്ഥാലയം സ്ഥാപിച്ചു. സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകാരം നേടിക്കൊടുക്കാനും സാധിച്ചു. 12/VTY/9783 എന്ന നമ്പറിൽ വിവിധ പ്രവർത്തനങ്ങളുമായി വായന സംസ്ക്കാരത്തിന് വഴിയൊരുക്കുന്ന അക്ഷരപ്പുരയുടെ തുടക്കം നമ്മുടെ വിദ്യാലയത്തിലാണെന്നതിൽ നമുക്കഭിമാനിക്കാം

1924 ഒരു കടുകുമണിപോലെ എലിമെന്ററി വിദ്യാലയമായി ആരംഭിച്ച്, 1962 ഹൈസ്കൂളായി വളർന്ന്, 2016 ൽ ഹയർസെക്കൻഡറി എന്ന വൻ വൃക്ഷമായി ഒത്തിരി ശിഷ്യഗണങ്ങൾക്ക് താങ്ങും തണലുമായി ഈ വിദ്യാനികേതനം.

71 വർഷം പിന്നിടുന്ന ഈ വിദ്യാലയം ‘ഉയരങ്ങളിലേക്ക്’ എന്ന ആപ്തവാക്യം മുൻനിർത്തിയുള്ള; ഹെഡ്മിസ്ട്രസ് ശ്രീമതി ഷെർലി സെബാസ്റ്റ്യൻ ടീച്ചറുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായി മുന്നോട്ട് കുതിച്ചു കൊണ്ടിരിക്കുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
## പ്രവർത്തനം 1 - മികവ് പിടിഎ

**ലക്ഷ്യം**

● വിദ്യാലയത്തോട് കരുതലും, വിദ്യാലയം നമ്മുടെ സ്വന്തം എന്ന ചിന്തയും; അഭിമാന ബോധവുമുള്ള പിടിഎ.
● വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം.
● ക്ലാസ് പിടിഎ കളിലെ 100% പങ്കാളിത്തം.
● വാർഷിക ആഘോഷത്തിൽ പിടിഎ മികവുകളുടെ പ്രദർശനം.

## പ്രവർത്തനങ്ങൾ

● ബോധവൽക്കരണ ക്ലാസുകൾ.
● ക്ലാസ് പിടികളിൽ രക്ഷിതാക്കൾക്കും സർഗാത്മക ക്രിയാത്മക സാധ്യതകൾ ഉള്ള പ്രവർത്തനങ്ങൾ അതിൻറെ തുടർച്ച.
● ക്ലാസ് പിടിഎ കളിൽ കുട്ടികൾ രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്ത പ്രവർത്തനങ്ങൾ.
● ക്ലാസ് പിടികളിൽ മികവ് പ്രദർശനങ്ങൾ.
● രക്ഷിതാക്കൾക്കും കുട്ടികൾക്കും സ്വയംതൊഴിൽ പ്രവർത്തനങ്ങൾ.
● പൂർവ്വ വിദ്യാർത്ഥികൾ സംഘടനകൾ എന്നിവയുടെ സാധ്യതകൾ വിദ്യാലയ മികവിന്.
● നാടിന്റെ പങ്കാളിത്തത്തിൽ വാർഷിക ആഘോഷം.

# മലയാളം

**എന്റെ മലയാളം**
നമ്മുടെ മാതൃഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ അടുത്തറിയാനും അഭിമാനബോധത്തോടെ അവയെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ ഭാഷാ പഠനത്തെ സർഗാത്മകമാക്കാനുള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നത്

**ലക്ഷ്യങ്ങൾ**

1 ) മലയാള ഭാഷയിൽ ശ്രവണം, ഭാഷണം, വായന ,ലേഖനം എന്നശേഷികൾ കുട്ടികളിൽ വളർത്തിയെടുക്കുക

2 ) സ്കൂൾ ലൈബ്രറി ,ക്ലാസ്സ് ലൈബ്രറി ,ഗ്രാമീണ ലൈബ്രറി ,എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ നല്ല വായനാശീലം ഭാഷാശുദ്ധി എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക

3 ) സ്വന്തം രചനകൾ (കഥ ,കവിത ,ലേഖനം 'നാടകം, നാടൻ പാട്ടുകൾ ) പ്രദർശിപ്പിക്കുന്നതിനായി സാഹിത്യ ശില്പശാലകൾ നടത്തുക
4 ) കൈയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുക
5 ) കഥ ,കവിത ,നാടൻപാട്ട് ,നാടകം എന്നിവ നിർഭയമായി വേദിയിൽ അവതരിപ്പിക്കാൻ സജ്ജരാക്കുക

## പ്രവർത്തനങ്ങൾ

### വായന വസന്തം

1 ) വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു .കുട്ടിയും പുസ്തകങ്ങൾ വായിക്കുന്നു .വായനക്കുറിപ്പ് തയ്യാറാക്കുന്നു
2 ) സ്കൂൾ ലൈബ്രറിയിൽ നിന്നും ഓരോ ക്ലാസിനും ആവശ്യാനുസരണം പുസ്തകങ്ങൾ വിതരണം ചെയ്യുന്നു  കുട്ടികൾ പുസ്തകങ്ങൾ കൈമാറി വായിക്കുന്നു .ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.മികച്ച ആസ്വാദനക്കുറിപ്പിന് ഓരോ മാസവും സമ്മാനങ്ങൾ നൽകുന്നു.
3 ) സമീപ ഗ്രന്ഥശാലയായ സൂര്യ ഗ്രന്ഥാലയം സന്ദർശിച്ച്കുട്ടികൾ അംഗത്വം സ്വീകരിക്കുന്നു.
4 ) തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് മാനന്തവാടി പഴശ്ശി ഗ്രന്ഥശാല സന്ദർശിക്കാൻ അവസരം നൽകുന്നു.
5 ) കുട്ടികളുടെ വായനയോടൊപ്പം അമ്മ വായനയുംപ്രോത്സാഹിപ്പിക്കുന്നു.ഇതിനുവേണ്ടി ഓരോ ക്ലാസിൽ നിന്നും അമ്മമാരെ തിരഞ്ഞെടുക്കുന്നു.അവർക്ക് വായിക്കാൻ ആവശ്യമായ പുസ്തകങ്ങൾ സ്കൂളിൽനിന്ന് നൽകുന്നു .ഓരോ മാസവും പുസ്തക ചർച്ച സംഘടിപ്പിക്കുന്നു എഴുത്തുകാരായഅമ്മമാരെകണ്ടെത്തി അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു.ഈ പരിപാടിയുടെ ഉദ്ഘാടനം എഴുത്തുകാരിയായ ഒരു രക്ഷിതാവ് നിർവഹിക്കുന്നു .

### എഴുത്തുകൂട്ടം

1) എഴുത്തുകാരായകുട്ടികളെയും,അമ്മമാരെയും കണ്ടെത്തുന്നു .അവരുടെ രചനകൾ കൂട്ടിച്ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു.വളരുന്ന മാഗസിൻ തയ്യാറാക്കുന്നു. കൈയ്യെഴുത്ത് മാഗസിൻതയ്യാറാക്കുന്നു.
2) പുസ്തകങ്ങളിൽ കുട്ടികൾ പരിചയപ്പെട്ട എഴുത്തുകാരുടെ ചിത്രങ്ങൾ ,ജീവചരിത്രകുറുപ്പുകൾ ,രചനയിലെ പ്രസക്തഭാഗങ്ങൾ എന്നിവ കണ്ടെത്തി കുട്ടികൾ തന്നെ ലാമിനേറ്റ് ചെയ്തു അല്ലെങ്കിൽ ഫ്രെയിം ചെയ്ത് ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നു അതോടൊപ്പം പൊതുപ്രദർശനവും സംഘടിപ്പിക്കുന്നു.

### നാട്ടരങ്ങ്

ഗ്രാമീണ ലൈബ്രറിയുമായി ചേർന്ന് പ്രാദേശിക സാംസ്കാരിക കലാകേന്ദ്രങ്ങൾ സന്ദർശിക്കുന്നു .വിദഗ്ധരുടെസഹായത്തോടുകൂടി നാടൻപാട്ട് സംഘം രൂപീകരിച്ച് സ്കൂളിൽ നാടൻപാട്ട് അരങ്ങ് സംഘടിപ്പിക്കുന്

# ഇംഗ്ലീഷ്

**ENGLISH VERIDIAN**

English is widely used as a mode of instruction in many universities and educational institutions making it highly necessary for our future development. English should be taught by incorporating with the native language .

**OBJECTIVES**

.) To make them confident to communicate easily in English language
.)Develop vocabulary learning by introducing new words
.)Develop creativity among students

**PROCESS**

English language learning through simple Stories

Activities included to develop English language learning among children;

.)During June - July children are provided with different stories by the teacher
.) Next month till December children are asked to collect stories
.) From December till January children are asked to write stories of their own
.) Stories of whole children are collected

# ഹിന്ദി

കേരളം വിദ്യാഭ്യാസ മേഖലയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ്. ഹിന്ദി ഭാരതത്തിൻറെ ആത്മാവാണ്. രാഷ്ട്രഭാഷയായ ഹിന്ദിയിൽ കുട്ടികൾക്ക് അഭിരുചി വളർത്താനും അടിസ്ഥാന ശേഷികൾ വർദ്ധിപ്പിക്കുവാനും ഉതകുന്ന പഠന പ്രവർത്തനങ്ങളാണ് ക്ലാസ്സ് മുറികളിൽ നടക്കേണ്ടത്. ഹിന്ദി വായന, ലേഖനം, ഭാഷണം എന്നിവയിൽ ആത്മവിശ്വാസം നേടിയെടുക്കാനുള്ള പദ്ധതികൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഫലപ്രദമായ വിനിമയത്തിനും ശേഷി വികാസത്തിനും അനിവാര്യമാണ്.

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ അക്ഷരജ്ഞാനം, പദസമ്പത്ത്, പ്രയോഗ ശേഷി എന്നിവ വളർത്താനുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക.
2. ഹിന്ദി വായന, ലേഖന, ഭാഷണം എന്നിവയിൽ ആത്മവിശ്വാസം വളർത്തുക.
3. ഹിന്ദിയിലുള്ള വാർത്തകൾ, സിനിമകൾ, സാഹിത്യ കൃതികൾ എന്നിവ ആസ്വദിക്കുന്നതിലൂടെ ഭാഷാശേഷികൾ വളർത്തുക.

## പ്രവർത്തനങ്ങൾ

1. **അറിയാം... പഠിക്കാം... പ്രയോഗിക്കാം.**

- പദാവലി വികസനത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്ന പ്രവർത്തനം.

- ഒരു ദിവസം ഒരു വാക്ക് - ഓരോ ദിവസവും ഓരോ പുതിയ ഹിന്ദി വാക്കിനെ ബോർഡിൽ പരിചയപ്പെടുത്തൽ.

- ഹിന്ദി അസംബ്ലി : നിർദ്ദേശങ്ങൾ ഹിന്ദിയിൽ, പ്രതിജ്ഞ ഹിന്ദിയിൽ, ഡയറി,പത്രം, കഥ,കവിത-ഹിന്ദിയിൽ അവതരണം.

**2. ഹിന്ദി ഉത്സവ്**

- ഹിന്ദി കഥ വായന
- കവിതാലാപനം
- പ്രസംഗം
- ഹിന്ദി സ്കിറ്റ്
- ഹിന്ദി മാഗസിൻ തയ്യാറാക്കൽ
- ഹിന്ദി കത്തെഴുതൽ
- ഹിന്ദി വാർത്ത തയ്യാറാക്കൽ
-

3. **ഹിന്ദി സർഗ്**

- ടി.വിയിലെ ഹിന്ദി വാർത്ത കേൾപ്പിക്കൽ
- റേഡിയോ ഹിന്ദി വാർത്ത
- കഥ,കവിത വായിച്ച് ചർച്ച
- കഥയെ നാടകമാക്കി മാറ്റൽ
- സ്വയം - ഹിന്ദി കവിത - കഥ എഴുതൽ.

# ശാസ്ത്രം

ശാസ്ത്ര പഠനത്തിലൂടെ മുഴുവൻ കുട്ടികളെയും ശാസ്ത്രബോധമുള്ളവരാക്കി മാറ്റുക എന്നത് ഏറെ പ്രധാനമാണ്. മണ്ണിനേയും പ്രകൃതിയെയും ഏറെ സ്നേഹിക്കാനും സംരക്ഷിക്കാനും പരിസ്ഥിതിസൗഹൃദപരമായ ബോധവും മാലിന്യനിർമാർജ്ജന ബോധവും കുട്ടികളിൽ ശാസ്ത്ര പഠനത്തിലൂടെ ഉണ്ടാകേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസത്തോടൊപ്പം ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും വിദ്യാലയത്തിൽ അനിവാര്യമാണ്.

**ലക്ഷ്യങ്ങൾ :**

- ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപെടുത്താനും അവസരം ലഭ്യമാക്കുക.
- ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

- പരിസ്ഥിതി സംരക്ഷണം, മാലിന്യനിർമാർജ്ജനം എന്നിവയിൽ അവബോധവും താല്പര്യവും ഉണ്ടാക്കുക.
- ശാസ്ത്രവിഷയങ്ങളിൽ പഠനത്തിനും അന്വേഷണത്തിനും കണ്ടെത്തലിനും വഴിതുറക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.

**പ്രവർത്തനങ്ങൾ**

**1. അറിയാം...... പഠിക്കാം**

- സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ചു സസ്യാജാലങ്ങൾ ജീവജാലങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി ജൈവവൈവിദ്യ രജിസ്റ്റർ, നിരീക്ഷണകുറിപ്പുകൾ തയ്യാറാക്കൽ.

**2. എന്റെ ശാസ്ത്രലാബ്**

- ശാസ്ത്രീയമായ പഠനത്തിനും, പ്രയോഗത്തിനും അവസരം ലഭിക്കുന്ന വിധത്തിൽ പരീക്ഷണ നിരീക്ഷണ ഉപകരണങ്ങൾ സജ്ജീകരിച്ച് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാവുന്ന അവസരം സൃഷ്ടിക്കൽ.
- പ്രകത്ഭരായ ശാസ്ത്രാധ്യാപകരെ പങ്കെടുപ്പിച്ചു ശാസ്ത്രപരീക്ഷണ കളരികൾ സംഘടിപ്പിക്കുക.
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പഠാനോപകരണങ്ങൾ നിർമ്മിക്കൽ.

**3.ഔഷധ ഉദ്യാനം**

- ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങൾ ശേഖരിച്ചു സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ നട്ടുവളർത്തുന്ന പ്രവർത്തനം. അവയുടെ പ്രത്യേകതകൾ, ഉപയോഗം തുടങ്ങിയവ രേഖപ്പെടുത്തൽ, സംരക്ഷിക്കൽ എന്നിവ.
- ആയുർവേദ ചികിത്സകർ, നാട്ടുവൈദ്യന്മാർ എന്നിവരെ പങ്കെടുപ്പിച്ചു ഔഷധസസ്യങ്ങളുടെ പ്രാധാന്യം ഉപയോഗം എന്നിവ മനസ്സിലാക്കൽ.

**4.ഹരിതവീഥി**

- വീട്ടിലും വിദ്യാലയത്തിലും ഹരിതജീവിതം-പരിസ്ഥിതി സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനുള്ള മനോഭാവം വളർത്തൽ-ക്ലീൻ ക്യാമ്പസ്.
- പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ വീട്ടിലും വിദ്യാലയത്തിലും തയ്യാറാക്കി സംരക്ഷിക്കാനുള്ള പ്രവർത്തനം.

**5.ശാസ്ത്രവിസ്മയ ചുവർ**

- ശാസ്ത്രവും അതിന്റെ നൂതന സാധ്യതകളും വികസനങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളും കുറിപ്പുകളും ചിത്രങ്ങളും പങ്കുവെക്കാനും അതിലൂടെ ശാസ്ത്ര അവബോധം വളർത്തുവാനും ഓരോ ക്ലാസ്സ്മുറികളിലും ഓരോ ശാസ്ത്രവിസ്മയ ചുവർ സ്ഥാപിക്കൽ.

# സാമൂഹ്യ ശാസ്ത്രം

നമ്മുടെ വീട് , കുടുംബം. സമൂഹം രാഷ്ട്രം എന്നിങ്ങനെയുള്ള സാമൂഹിക ജീവിതത്തിൻറെ വിവിധയിടങ്ങൾ ഭൂമിശാസ്ത്രപരമായ ചുറ്റുപാടുകൾ മനുഷ്യസമൂഹത്തിന്റെ മുന്നേറ്റത്തിന്റെ ചരിത്രം സംസ്കാര ചരിത്രം എന്നിവയെല്ലാം സാമൂഹ്യ ശാസ്ത്ര പഠന മേഖലകളാണ്

**ലക്ഷ്യങ്ങൾ**

1.ഭൂമിശാസ്ത്ര പഠനത്തിൽതാല്പര്യവും ആത്മവിശ്വാസവും വളർത്തുക
2.ചരിത്ര സ്മൃതികളിലൂടെ സഞ്ചരിക്കുവാനും അതിലൂടെ ചരിത്രബോധം ഉണ്ടാക്കാനും ശ്രമിക്കുക
3.നമ്മുടെ നാടിന്റെ ചരിത്രം സംസ്കാരം എന്നിവയെ കുറിച്ച് കൂടുതൽ അറിയുവാനും അന്വേഷിക്കാനും ഉള്ള അവസരങ്ങൾ ലഭ്യമാക്കുക വിവരശേഖരണം നടത്തുക
**പ്രവർത്തനങ്ങൾ**
**1.നമ്മുടെ ഭൂമി**
x ഭൂപട പരിചയം ഭൂപട നിർമ്മാണം
x വിവിധ രാജ്യങ്ങളുടെ അക്ഷാംശീയ രേഖാംശീയ സ്ഥാനം ഭൂപടത്തിന്റെയും ഗ്ലോബിന്റെയും സഹായത്തോടെ കണ്ടെത്തുക
x ലോകത്തെ വൻകരകൾ പരിചയപ്പെടുക
**2. നാടിനെ അറിയാം**
x നമ്മുടെ പഞ്ചായത്ത് ജില്ല സംസ്ഥാനം രാജ്യം എന്ന ക്രമത്തിൽ പ്രധാന വിവരങ്ങൾ രേഖപ്പെടുത്തുന്നു
x പ്രധാന സ്ഥലങ്ങൾ
x ചരിത്ര പ്രാധാന്യം
**3. ചരിത്രസ്മൃതികളിലൂടെ**
x ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തുക പഠനക്കുറിപ്പ് തയ്യാറാക്കുക
x പഠനയാത്ര

# ഗണിതം

**<u>ലക്ഷ്യങ്ങൾ.</u>**
* ഗണിത പഠനത്തിലും പ്രയോഗത്തിലും താല്പര്യവും ആത്മവിശ്വാസവും വളർത്തുക.
* ഗണിത ആശയങ്ങൾ തൃപ്തികരമായ മനസ്സിലാക്കുവാനും പഠിക്കുവാനും പ്രയോഗിക്കുവാനുമുള്ള സ്വയം പഠന സാധ്യതകൾ ഉണ്ടാക്കുന്നു.
* പ്രായോഗിക ജീവിതത്തിലെ ഗണിത ആശയങ്ങളെ എളുപ്പത്തിൽ നിർദ്ധാരണം ചെയ്യാനുള്ള പരിശീലന സന്ദർഭങ്ങൾ ഉണ്ടാക്കുന്നു.
*ചതുഷ്ക്രിയകൾ,മനക്കണക്കുകൾ എന്നിവയിൽ ശേഷി വളർത്താൻ ഉള്ള സന്ദർഭങ്ങൾ.

**<u>പ്രവർത്തനങ്ങൾ</u>.**
1. ഗണിതം മധുരം
* ഗണിത കുസൃതികൾ പദപ്രശ്നങ്ങൾ ക്വിസ് ചോദ്യങ്ങൾ എന്നിവ ആഴ്ചയിൽ കുട്ടികൾക്ക് നൽകി ഉത്തരം കണ്ടെത്തി ഗണിത കോർണറിൽ നിക്ഷേപിക്കൽ

*ഗണിതകേളികളിലൂടെ അടിസ്ഥാന ഗണിദാശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രത്യേക സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു.
*രൂപങ്ങൾ,അളവുകൾ, തൂക്കങ്ങൾ എന്നിവ ബോധ്യപ്പെടാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കൽ.

**2. ഗണിത ലാബ്.**

* ഗണിത പഠനത്തെ മികവുറ്റതാക്കാനുള്ള വൈവിധ്യമാർന്ന പഠന സാമഗ്രികൾ സജ്ജീകരിച്ച് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്ത് പഠിക്കാവുന്ന തരത്തിൽ ഗണിത ലാബ് തയ്യാറാക്കൽ.
 ചാർട്ടുകൾ,അളവ് പാത്രങ്ങൾ, തൂക്ക കട്ടികൾ, ത്രാസ്,പദപ്രശ്നങ്ങൾ,ജാമിതീയ രൂപങ്ങൾ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രം, കുറിപ്പുകൾ,ലളിത തത്വങ്ങൾ വിശദമാക്കുന്ന ഉപകരണങ്ങൾ മുതലായവ.

**3.അറിയാം പഠിക്കാം.**

*ഗണിതത്തിലെ പ്രായോഗിക കാര്യങ്ങൾ അറിയാനും പ്രയോഗിക്കാനും അവസരം.
*ബാങ്കിലെ ഗണിതം- പലിശ- ബാങ്ക് സന്ദർശനം.
*കച്ചവടത്തിലെ ഗണിതം- കട സന്ദർശനം.
* കെട്ടിട നിർമ്മാണ ഗണിതം.
*അടുക്കളയിലെ ഗണിതം- കണ്ടത്തൽ വിവരശേഖരണം.

# Academic Master Plan 2025-26

## HS MALAYALAM

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1അക്ഷരങ്ങൾ ഉറപ്പിക്കൽ<br>2ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ<br>3 അക്ഷരക്കാർഡിലൂടെ വാക്കുകളും വാക്കുകളിലൂടെ വാക്യങ്ങളും രൂപീകരിക്കൽ<br>4 ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>5ചിത്ര വായന<br>6.കഥ പൂരണം | ജൂൺ<br>ജൂലൈ | മലയാളം അധ്യാപകർ<br>പീർ ഗ്രൂപ്പ് | |

| | | | | | |
|---|---|---|---|---|---|
| 2 | മികച്ച വായനക്കാരെ സൃഷ്ടിക്കൽ | 1 പത്രവായന പ്രോത്സാഹിപ്പിക്കൽ<br>2 വായനാനുഭവം പങ്കുവെക്കൽ<br>3 പാഠപുസ്തക വായന<br>4ക്ലാസ്സ് ലൈബ്രറി രൂപീകരണം<br>5സമീപ ഗ്രന്ഥശാല സന്ദർശനം<br>6സമീപ ഗ്രന്ഥശാലയിൽ അംഗത്വം സ്വീകരിക്കൽ | ജൂലൈ | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി | |
| 3 | സാഹിത്യാഭിരുചി വളർത്തൽ | 1 ദിനാചരണങ്ങൾ<br>2 കഥാ രചന<br>3 കവിതാരചന<br>4 ഉപന്യാസരചന<br>5 സാഹിത്യോത്സവം<br>6 വായനക്കുറിപ്പ് മത്സരം<br>7 ക്ലാസ് മാഗസിൻ<br>8 ചുമർ പത്രിക<br>9 സാഹിത്യകാരനുമായി അഭിമുഖം<br>10ചിത്രപ്രദർശനം<br>11സിനിമ ഫെസ്റ്റിവൽ | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി | |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1 പ്രസംഗ പരിശീലന കളരി<br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ കേൾപ്പിക്കൽ വീഡിയോ കാണിക്കൽ<br>4 പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു | ജനുവരി | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യവേദി | |

# Academic Master Plan 2025-26

## UP MALAYALAM

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം- ആശയസംവേദന നടത്തുവാനും പദസമ്പത്ത് വളർത്തുവാനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | ഭാഷാകേളികൾ - വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് ഒരു വാക്ക് അവസാനിക്കുന്ന അക്ഷരത്തിൽ നിന്ന് തുടങ്ങുന്ന അടുത്ത വാക്ക് പറയാം ചെറിയ വാചകങ്ങൾ ഉപയോഗിച്ച് കഥ പൂർത്തിയാക്കാം അക്ഷരതെറ്റ് തിരുത്തൽ | ജൂൺ | മലയാളം അധ്യാപകർ | പിടിഎ |
| 2 | അക്ഷരങ്ങൾ പഠിച്ചുകൊണ്ട് അടിത്തറ ഉറപ്പിക്കുന്നു | എഴുത്ത്, വായന ,വാക്കു നിർമ്മാണം ,ആവർത്തിച്ചു പഠിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ സ്വരാക്ഷരങ്ങൾ വ്യഞ്ജനാക്ഷരങ്ങൾ എന്നിവ കുട്ടികളുടെ മനസ്സിൽ കൂടുതൽ ദൃഢമാക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | പിടിഎ |
| 3 | ചിഹ്നങ്ങളുടെ ലോകത്തേക്ക് ചേക്കേറാം . | എഴുത്ത് ,വായന, വാക്കു നിർമ്മാണം, ആവർത്തിച്ചു പഠിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ മനസ്സിൽ | ജൂലൈ | മലയാളം അധ്യാപകർ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | സ്വര ചിഹ്നങ്ങളും വ്യഞ്ജന ചിഹ്നങ്ങളും കൂടുതൽ ദൃഢമാക്കുന്നു :വാക്കുകളിൽ നിന്നും ചിഹ്നങ്ങൾ വേർതിരിച്ചു കണ്ടെത്താൻ കണ്ടെത്തിയ ചിഹ്നങ്ങൾ ഏത് സ്വരത്തിൽ നിന്നാണെന്ന് തിരിച്ചറിയൽ | | | |
| 4 | ഉച്ചാരണം മനോഹരമാക്കാം കുട്ടികളുടെ ഉച്ചാരണം പരിപോഷിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ | അതിഖര , ഘോഷ വിഭാഗങ്ങളിലെ ഉച്ചാരണ വൈകല്യങ്ങൾ എഴുത്ത് ,വായന - പാഠപുസ്തകത്തിൽ നിന്നും നിശ്ചിത അക്ഷരങ്ങൾ ഉൾപ്പെട്ട വാക്ക് നിർമ്മാണം ആവർത്തിച്ചുറപ്പിക്കൽ | ഓഗസ്റ്റ് | മലയാളം അധ്യാപകർ | പിടിഎ |
| 5 | കൂട്ടക്ഷരങ്ങളോടു കൂട്ടുകൂടാം. കുട്ടികളുടെ മനസ്സിൽ കൂട്ടക്ഷരങ്ങളും അവയുടെ പ്രയോഗവും ഉറപ്പിക്കൽ | വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പ് എഴുത്ത് ,വായന പാഠപുസ്തകത്തിൽ നിന്നും നിശ്ചിത അക്ഷരങ്ങൾ ഉൾപ്പെട്ട വാക്ക് നിർമ്മാണം ആവർത്തിച്ചുറപ്പിക്കൽ വ്യത്യസ്ത വ്യഞ്ജനങ്ങൾ ചേർന്നവർ എഴുത്ത് വായന പാഠപുസ്തകത്തിൽ നിന്നും നിശ്ചിത വാക്ക് കണ്ടെത്തൽ ആവർത്തിച്ചുറപ്പിക്കൽ കൂട്ടക്ഷര സൂര്യൻ ഏതെങ്കിലും ഒരക്ഷരം | ഓഗസ്റ്റ് | മലയാളം അധ്യാപകർ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | നടുവിൽ സൂര്യൻറെ സ്ഥാനത്ത് എഴുതുന്നു. കിരണങ്ങളിൽ നിർദ്ദിഷ്ട കൂട്ടക്ഷരം വരുന്ന പദം ഉപയോഗിച്ച് പദസൂര്യൻ തയ്യാറാക്കുന്നു. | | | |
| 6 | അക്ഷരകേളികൾ | സ്ഥലപ്പേര് കളി ഇഷ്ടമുള്ള സ്ഥലപ്പേര് എഴുതി അതിലെ അക്ഷരങ്ങളും ചിഹ്നങ്ങളും വേർതിരിച്ച് എഴുതുന്നു. തുടർന്ന് ആ അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദങ്ങൾ എഴുതുന്നു സ്കൂൾ പച്ചക്കറി തോട്ടം സന്ദർശനം പച്ചക്കറികളുടെ പേരുകൾ എഴുതുന്നു കൂടുതൽ ചിഹ്നങ്ങൾ കൂട്ടക്ഷരങ്ങൾ വരുന്നവ കണ്ടെത്തുന്നു. | സെപ്റ്റംബർ | മലയാളം അധ്യാപകർ | പിടിഎ |
| 7 | വായിക്കാൻ വളരാം - ആശയ ഗ്രഹണ വായന | ദിവസേനയുള്ള വാർത്ത വായന ലൈബ്രറി പിരീഡുകളുടെ കൃത്യമായ ഉപയോഗം ലൈബ്രറി പുസ്തകങ്ങളുടെ വിതരണവും വായനയും റിവ്യൂ തയ്യാറാക്കൽ | സെപ്റ്റംബർ | മലയാളം അധ്യാപകർ | പിടിഎ |
| 8 | കലയിലൂടെ കാര്യത്തിലേക്ക് | പാഠപുസ്തക പ്രവർത്തനങ്ങളെ അനുരൂപീകരണം നടത്തി നാടക രൂപത്തിലോ സംഭാഷണ | ഒക്ടോബർ | മലയാളം അധ്യാപകർ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | രൂപത്തിലോ അവതരിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. | | | |
| 9 | വാക്യം നിർമ്മിക്കാം വാചാലരാവാം | ദീർഘവാക്യ നിർമ്മാണം നാലോ അഞ്ചോ വാക്കുകൾ വരുന്ന വാക്യങ്ങളുടെ പഠനവും നിർമ്മാണവും നിശ്ചിത ഘട്ടങ്ങളിലൂടെ നടത്തുന്നു. മാതൃവന്ദനം കുട്ടികൾ തങ്ങളുടെ അമ്മമാരെ കുറിച്ച് അഞ്ചു വാക്യങ്ങൾ എഴുതാൻ ആവശ്യപ്പെടുന്നു. തുടർന്ന് കൈമാറി വായന ,എഡിറ്റിംഗ് ,മെച്ചപ്പെടുത്തൽ. | ഒക്ടോബർ | മലയാളം അധ്യാപകർ | പിടിഎ |
| 10 | ഡയറിക്കുറിപ്പിന്റെ ഹൃദയ താളം | ഡയറി എഴുതുക തലേദിവസം വീട്ടിൽ ചെന്നത് മുതലുള്ള കാര്യങ്ങൾ ഡയറിക്കുറിപ്പായി എഴുതാൻ ആവശ്യപ്പെടുന്നു. തുടർന്ന് അത് വായിച്ച് ആവശ്യമായി തിരച്ചിലുകൾ നൽകുന്നു | നവംബർ | മലയാളം അധ്യാപകർ | പിടിഎ |
| 11 | പാഠപുസ്തകങ്ങളുടെ പടവുകളിലേക്ക് | പാഠപുസ്തകങ്ങളിലെ താരതമ്യേന ലളിതമായ പാഠഭാഗങ്ങൾ വായിക്കുന്നു. ഓരോ കുട്ടിയെ കൊണ്ട് | നവംബർ | മലയാളം അധ്യാപകർ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | വായിപ്പിക്കുകയും മറ്റു കുട്ടികളെ കൊണ്ട് ഏറ്റുവായിപ്പിക്കുകയും ചെയ്യുന്നു. | | | |
| 12 | സാഹിത്യ വഴികളിലൂടെ സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി സർഗാത്മകശേഷി വളർത്തുക | ക്ലാസ് ലൈബ്രറി രൂപീകരണം സാഹിത്യകാരന്മാരുടെ ചിത്രശേഖരണം ആൽബം നിർമ്മിക്കൽ,ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. കഥാപാത്ര നിരൂപണം,വായനക്കുറിപ്പ് തയ്യാറാക്കൽ ,കവിതാലാപനം ,അഭിപ്രായക്കുറിപ്പ് തയ്യാറാക്കൽ, പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ ,സംവാദത്തിൽ ഏർപ്പെടൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കുകാരാകുന്നു. | ഡിസംബർ ജനുവരി | മലയാളം അധ്യാപകർ | പിടിഎ |

# Academic Master Plan 2025-26

## HS ENGLISH

| Sl No. | Objectives | Activities | Duration | Agency | Funding |
|---|---|---|---|---|---|
| 1 | To encourage Listening & Speaking.<br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br>To encourage Reading<br>Develop basic reading, writing, listening, and speaking skills.<br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br>Interactive Reading Circles:<br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br>Each group reads the assigned text together and discusses key elements like plot, characters, and themes.<br>Encourage students to take turns reading aloud and share their interpretations and reactions to the text.<br>After discussions, each group presents a summary or analysis of their assigned text to the class. | June<br><br><br><br><br><br><br><br><br><br><br><br><br><br>July | Teachers | PTA and Teachers |

| | | | | | |
|---|---|---|---|---|---|
| | | Guided reading sessions with comprehension questions.<br>Listening comprehension | | | |
| 2 | To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br>Expand vocabulary through reading and interactive activities.<br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br>Expanding vocabulary with context clues from passage.<br>Improve sentence structure.<br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br>Projects and research assignments to foster critical thinking.<br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br>Preparing and delivering speeches.<br>Listening to and analysing different media sources.<br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January-February | English Teachers | PTA and Teachers |
| 3 | Language Games, puzzles and Activities: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way. | Throughout the year | English Teachers | PTA and Teachers |

| | | | | | |
|---|---|---|---|---|---|
| | | For example, play word association games, charades, or vocabulary bingo to practice new words and concepts. | | | |
